# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 17 No. 10 PUBLISHED FROM DELHI PRICE Rs. 3/- OCTOBER 2013


## നേതൃത്വഗുണമുള്ള യുവതലമുറ സഭാ വളർച്ചയ്ക്ക് അനിവാര്യം:പാസ്റ്റർ എം.സാമുവൽകുട്ടി

***ന്യൂഡൽഹി:*** നേതൃത്വഗുണമുള്ള യുവജനങ്ങൾ സഭാവളർച്ചയ്ക്ക് അനിവാര്യമാണെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി. ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എഫ്. സി. വൈ. എം.) ഡൽഹി റീജന്റെ 20ാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 1 തിമൊ4: 12 അടിസ്ഥാനമാക്കി ഒരു നല്ല നേതാവിനുണ്ടാകേണ്ട ഗുണങ്ങളെ പറ്റി അദ്ദേഹം വിവരിച്ചു. ഭയപ്പെടാതെ തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ നിറപടിയായി ചെയ്യുന്നവനും മറ്റുളളവർക്ക് വേണ്ടി കരുതുന്നവനും അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിലും സഹിഷ്ണതയോടെ അതിനെ അഭിമുഖീകരിക്കാൻ കഴിയുന്നവനുമാണ് ഒരു യഥാർത്ഥ നേതാവ്. ഇപ്രകാരം നേതൃഗുണമുള്ള ഒരു യുവ തലമുറയെ വാർത്തെടുക്കാൻ എഫ്. സി. വൈ. എമ്മിന് കഴിയട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.



എഫ്. സി.വൈ. എം വാർഷിക സമ്മേളനം പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ ടി.ഡി.സുധാകരൻ , ബിനോയി പി. ജോൺ, ബിനു ജോൺ എന്നിവർ വേദിയിൽ

2013 ഓക്ടോബർ 2ന് കിംങ്ങ്സ് വേക്യാമ്പ് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് നടന്ന വാർഷിക സമ്മേളനത്തിൽ എഫ്. സി. വൈ. എം. പ്രസിഡന്റ് പാസ്റ്റർ ടി. ഡി. സുധാകരൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശീലാസ് സാമുവൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

വാർഷിക യോഗത്തിനു മുന്നോടിയായി ഡൽഹി റീജനിലെ സഭകളിൽ നിന്നുള്ള യുവജനങ്ങളുടെ വൈവിധ്യമുള്ള താലന്തു പ്രദർശനം നടന്നു. വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും പാസ്റ്റർ എം. സാമുവൽകുട്ടിയും മിസിസ്സ് എലിസബേത്ത് സാമുവലും സമ്മാനങ്ങൾ വിതരണം ചെയ്തു. ബ്രദർ ഷിബുതമ്പി സ്വാഗതവും ബ്രദർ ജയിംസ് പി.പി നന്ദിയും പ്രകാശിപ്പിച്ചു.

വാർഷികയോഗത്തിൽ 2013-2015 വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മറ്റിയെ തിരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ ടി.ഡി. സുധാകരൻ, ജനറൽ സെക്രട്ടറി ബ്രദർ ശീലാസ് സാമുവൽ, ട്രഷറാർ ബ്രദർ ബാബുരാജ് അംഗങ്ങളായി ബ്രദർ രാജേഷ്, ജെയിംസ് പി.പി. എന്നിവരാണ് പുതിയ കമ്മറ്റി അംഗങ്ങൾ.

## ശിഷ്യത്വത്തിന്റെ പാഠങ്ങൾ പകർന്ന ദ്വിദിന സെമിനാർ

***അടൂർ:*** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ, ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് സഭാശുശ്രൂഷകർ എന്നിവരെ ഉൾപ്പെടുത്തി സംഘടിപ്പിച്ച ദ്വിദിന സെമിനാർ ക്രിസ്തു ശിഷ്യത്വത്തിന്റെ അമൂല്യ ചിന്തകളുടെ മേൽ വെളിച്ചം വിതറിയ അനുഗ്രഹ നിമിഷങ്ങളായി. 2013 സെപ്തംബർ 5, 6 തീയതികളിൽ അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് നടത്തപ്പെട്ട സെമിനാർ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റും കോളജ് ഡയറക്ടറുമായ പാസ്റ്റർ എം സാമുവൽകുട്ടി ഉത്ഘാടനം ചെയ്തു.

ക്രിസ്തീയ ശിഷ്യത്വത്തിന്റെ പ്രാധാന്യം വളരെ വലുതാണെന്നും ഓരോ ക്ലാസ്സുകളിലൂടെയും ശിഷ്യത്വത്തിന്റെ പാഠങ്ങൾ സ്വീകരിക്കുവാൻ തയ്യാറാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. കോളജ് ഡയറക്ടർ പാസ്റ്റർ എം സാമുവൽകുട്ടി, പ്രിൻസിപ്പൽ പാസ്റ്റർ

(ശേഷം രണ്ടാം പേജിൽ)



*പാസ്റ്റർ എം. സാമുവൽകുട്ടി സെമിനാറിൽ ക്ലാസ്സെടുക്കുന്നു*

## ഗുഡ്നൂസ് ഫെസ്റ്റിവൽ ഒക്ടോബർ 18-20 വരെ

***ന്യൂഡൽഹി:*** മലയാളത്തിലെ പ്രഥമ പെന്തക്കൊസ്തു വാർത്താവാരികയായ ഗുഡ്ന്യൂസിന്റെയും ശ്രീനിവാസ്പുരി പ്രെയിസ് ചിൽഡ്രൻസ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ രണ്ടാമത് ഗുഡ്ന്യൂസ് ഫെസ്റ്റിവൽ ഒക്ടോബർ 18 മുതൽ 20 വരെ ശ്രീനിവാസപുരി നേഴ്സസ് റെസിഡൻഷ്യൽ കോംപ്ലക്സിൽ വച്ച് നടക്കും.

പ്രസ്തുത യോഗത്തിൽ സുപ്രസിദ്ധ സുവിശേഷകനായ യോനാഥാൻ അൻസ്വാർ (അംബാല) മുഖ്യ പ്രഭാഷകനായിരിക്കും. കൂടാതെ ഗുഡ്ന്യൂസിന്റെ നേതൃത്വനിരയിലുള്ള സമുന്നതരായ ദൈവദാസന്മാരും ശുശ്രൂഷിക്കുന്നതായിരിക്കും. സിസ്റ്റർ പേഴ്സീസ് ജോണിന്റെ നേതൃത്വത്തിലുള്ള ഗായക സംഘം ആത്മീക ആരാധനയ്ക്ക് നേതൃത്വം നൽകും.

ഫെസ്റ്റിവലിനോടനുബന്ധിച്ച് വടക്കേഇന്ത്യയിൽ കഴിഞ്ഞ നാൽപ്പതിലധികം വർഷങ്ങളായി ദൈവവേലയിലായിരിക്കുന്ന കർത്തൃദാസന്മാരെ ആദരിക്കും.

അതോടൊപ്പം കഴിഞ്ഞ 2012-2013 അദ്ധ്യയനവർഷത്തിൽ +2 വിന് ഉന്നതമാർക്കോടെ പാസായ വടക്കേഇന്ത്യയിലെ പെന്തക്കൊസ്തു സഭകളിലെ കുട്ടികൾക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്യും. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരും യാത്രാസൗകര്യത്തിന് വാഹനങ്ങൾ ഇല്ലാത്തവരുമായ വടക്കേഇന്ത്യയിലെ സുവിശേഷകന്മാർക്ക് ഫെസ്റ്റിവലിന്റെ ഭാഗമായി സൗജന്യമായി സൈക്കിൾ വിതരണം ചെയ്യുവാൻ ആഗ്രഹിക്കുന്നു. തിരഞ്ഞെടുക്കുന്ന അപേക്ഷകളിൽ നിന്നും ഇരുപത്തിയഞ്ച് പേർക്ക് സൈക്കിൾ വിതരണം ചെയ്യു

(ശേഷം രണ്ടാം പേജിൽ)


ഉടൻ പുറത്തിറങ്ങുന്നു..........




കോപികൾക്ക് ബന്ധപ്പെടുക: Pr. M. Samuelkutty, Flat no 101, Block -A, 96/E, Ward No: 2, Mehrauli, New Delhi-110 030

പത്രാധിപ ലേഖനം.......

# മതി അഴിമതി



രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 144-ാമത് ജന്മദിനം 2013 ഒക്ടോബർ 2ന് വിവിധ പരിപാടികളോടെ രാജ്യം ആഘോഷിച്ചു. 1869 ഒക്ടോബർ രണ്ടാം തീയതി ഗുജറാത്തിലെ സുദമാപൂരി എന്ന് അറിയപ്പെടുന്ന പോർബന്തറിലാണ് ഗാന്ധിജി ജനിച്ചത്. അദ്ദേഹത്തിന്റെ ലളിതജീവിതവും ഉന്നതമായ ചിന്തകളുമാണ് ഇന്ത്യയുടെ ചരിത്രത്തിലെ മറക്കാനാവാത്ത മഹാ വ്യക്തിത്വമാക്കി അദ്ദേഹത്തെ മാറ്റിയത്. അഴിമതിരഹിതമായ ഒരു ഭാരതം ഗാന്ധിജിയുടെ സ്വപ്നമായിരുന്നു. എന്നാൽ ഇന്ന് അഴിമതി ഒരു സാമൂഹ്യ വിപത്തായി മാറിയിരിക്കുന്നു എന്നത് വളരെ അസ്വസ്ഥത ഉളവാക്കുന്നതാണ്. ഇന്ത്യയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മുമ്പെന്നെത്തെക്കാളും അഴിമതി ഏറെ വർദ്ധിച്ചിരിക്കുന്നു. ഭാരതത്തെ ശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗാന്ധിജി നിസഹരണ സമരം ആരംഭിച്ചത്. അഴിമതിയും രാഷ്ട്രീയ ഭീകരവാദവും അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു. ആയതിനാൽ 1928ൽ *യങ്ങ് ഇന്ത്യ*യിൽ അദ്ദേഹം ഇപ്രകാരം എഴുതി,'അഴിമതിക്കാർ തങ്ങളുടെ അഴിമതിയെ എത്ര മാത്രം മറയ്ക്കാൻ ശ്രമിച്ചാലും ഒരു നാൾ അത് വെളിച്ചത്തു വരും'. യഥാർത്ഥത്തിൽ ഇപ്പോൾ അത് സംഭവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അഴിമതിക്കെതിരെ ശബ്ദമുയർത്തി അധികാരങ്ങൾക്ക് വേണ്ടി പോരാടുക എന്നത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ്. കൈക്കൂലി സംബന്ധമായ ഏതു വിഷയവും അഭിമുഖികരിക്കേണ്ടിവരുമ്പോൾ അതിനെ അതിവേഗത്തിൽ തന്നെ വേരോടെ പിഴുതെറിയുവാനും അഴിമതിക്കാരന് ശിക്ഷ വാങ്ങിക്കൊടുക്കുവാനും അവനെ സ്ഥാനഭ്രഷ്ടനാക്കാനും ജനം തയ്യാറാകണം. കാരണം ഇന്ന് രാജ്യം മുഴുവനും അഴിമതി ഒരു അർബ്ബുദത്തെപ്പോലെ വേരുറപ്പിച്ചു കഴിഞ്ഞിരിക്കുന്നു. അതുപോലെ അലംഭാവം ഒരു ദേശീയ അപരാധമായിരിക്കുന്നു എന്നത് വളരെ ദയനീയമായ കാര്യമാണ്. ചുറ്റും നടക്കുന്ന സംഭവങ്ങൾ നാം കണ്ടില്ലെന്നു നടിക്കുന്നു. ആർക്കും ആരുടേയും പ്രശ്നങ്ങളിൽ ഉത്ക്കണ്ഠയില്ലാതായിരിക്കുന്നു. കൈക്കൂലി കൊടുക്കേണ്ടി വന്നാലും സ്വന്തം കാര്യം മാത്രം നേടണം എന്ന ചിന്ത. അതുകൊണ്ടു തന്നെയാണ് ഇന്ന് നമ്മുടെ സമൂഹത്തിൽ അഴിമതി, വർഗ്ഗീയകലാപം, ബലാത്സംഗം തുടങ്ങിയ അധർമ്മങ്ങൾ വർദ്ധിച്ചുവരുന്നത്.

പോയ ഒരു മാസം ഇന്ത്യ ചില പ്രധാനപ്പെട്ട സംഭവങ്ങൾക്കും കോടതിവിധികൾക്കും സാക്ഷ്യം വഹിച്ചു. അതിൽ പ്രധാനമായതും രാജ്യം മുഴുവൻ ആകാംഷയോടെ ഉറ്റുനോക്കിയിരുന്നതുമാണ് ഡൽഹി മാനഭംഗക്കേസിലെ വിധി. രാജ്യമനഃസാക്ഷിയെത്തന്നെ മുറിവേൽപ്പിച്ച ഈ സംഭവത്തിൽ കുറ്റക്കാരായ നാലു പ്രതികൾക്കും സാകേത് അതിവേഗകോടതി സെപ്തംബർ 13ാം തീയതി വധശിക്ഷ വിധിച്ചു. ഒമ്പതുമാസത്തെ കാത്തിരിപ്പിന് ഒടുവിലാണ് ഈ കേസിന്റെ വിധിയെത്തിയത്. ഭാരതസ്ത്രീയുടെ ആത്മവിശ്വാസവും ആത്മധൈര്യവും വർദ്ധിപ്പിക്കുന്നതാണ് ഈ വിധിയെങ്കിലും സ്ത്രീയുടെ പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ ഇനിയുമേറെ പടവുകൾ മുന്നേറാനുണ്ടെന്ന സത്യം രാജ്യം മറന്നുകൂടാ. കഴിഞ്ഞ ഡിസംബർ 16ന് നഗരമദ്ധ്യത്തിൽ, ഓടുന്ന ബസിൽ കൂട്ടമാനഭംഗത്തിനിരയായി പിന്നീട് മരണമടഞ്ഞ പെൺകുട്ടിയുടെ ദുരന്തത്തെച്ചൊല്ലിയുള്ള പ്രതിഷേധത്തിന്റെ അലയൊലികൾ സ്ത്രീസുരക്ഷയ്ക്ക് വേണ്ടിയുള്ള നിതാന്തജാഗ്രതയിലേക്ക് രാജ്യം ഉണരാൻ കാരണമായി. എന്നിട്ടും സ്ത്രീസുരക്ഷയുടെ പൂർണ്ണത ഇപ്പോഴും ദൂരെയാണെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്. ഡൽഹി നഗരത്തിൽ തന്നെ ഈ വർഷം ഓഗസ്റ്റ് 31 വരെ 1121 മാനഭംഗകേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. മണിപ്പാലിൽ വിദ്യാർത്ഥിനിയും മുംബൈയിൽ ഫോട്ടോ ജേണലിസ്റ്റും കൂട്ടമാനഭംഗത്തിനിരയായതും ഡൽഹി സംഭവത്തിനു ശേഷമാണ്. ദേശീയതലത്തിൽ 2012ൽ റിപ്പോർട്ട് ചെയ്തത് 24,923 മാനഭംഗകേസുകളാണ്. മാനഭംഗത്തിന്റെ ശരാശരിയാകട്ടെ, മണിക്കൂറിൽ മൂന്ന് എന്ന തോതിലും. ഡൽഹിയിലെ പെൺകുട്ടിയുടെ സഹനവും മരണവും പാഴാകരുതെന്ന് രാജ്യം ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. സമാനതകളില്ലാത്ത പ്രതിഷേധങ്ങൾക്കും വ്യാപക ചർച്ചകൾക്കും വഴിവെച്ച ഈ കേസിന്റെ ശിക്ഷാവിധി രണ്ടു മിനിട്ടുകൊണ്ടാണ് കോടതി പ്രഖ്യാപിച്ചത്.

ആ ദിവസങ്ങളിൽ തന്നെയാണ് മലയാളികളുടെ അഭിമാനമെന്ന് വാനോളം പുകഴ്ത്തപ്പെട്ട ക്രിക്കറ്റ് താരം ശ്രീശാന്തിന് ക്രിക്കറ്റ് ബോഡിന്റെ ആജീവനാന്ത വിലക്ക് വന്നത്. ഐ.പി.എൽ. ഒത്തുകളിയിൽ ശ്രീശാന്ത് ഉൾപ്പെടെയുള്ളവർ കുറ്റക്കാരാണെന്ന് കണ്ടെത്തിയാണ് പ്രത്യേകിച്ച് കായിക കേരളത്തിന് അപമാനം വരുത്തിക്കൊണ്ട് ഈ പ്രഖ്യാപനം വന്നത്. മനുഷ്യന്റെ അത്യാർത്തി വരുത്തുന്ന വിനയുടെ മറ്റെരു ഉദാഹരണം കൂടി ചരിത്രത്തിൽ പതിയപ്പെട്ടു.

ഇത് കുറിക്കപ്പെടുമ്പോൾ ഏറ്റവും പുതിയ ഒരു വിധിക്ക് ഇന്ത്യ സാക്ഷ്യം വഹിക്കുകയായിരുന്നു. കുപ്രസിദ്ധമായ കാലിത്തീറ്റ കുംഭകോണക്കേസിൽ ബീഹാർ മുൻ മുഖ്യമന്ത്രിയും ലോക്സഭാംഗവും രാഷ്ട്രീയ ജനതാദൾ അദ്ധ്യക്ഷനുമായ ലാലുപ്രസാദ് യാദവും, മുൻമുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ജഗന്നാഥ്മിശ്രയും ഉൾപ്പെടെ 45 പേർ കുറ്റക്കാരാണെന്ന് റാഞ്ചി സി.ബി.ഐ. പ്രത്യേക കോടതി കണ്ടെത്തുകയും അതേതുടർന്ന് ലാലുവിന് അഞ്ചുവർഷം തടവും 25 ലക്ഷം രൂപാ പിഴയും, ജഗന്നാഥ്മിശ്രയ്ക്ക് നാലുവർഷം തടവും വിധിക്കുകയും ചെയ്തു. ചൈബാസ ട്രഷറിയിൽ നിന്ന് അനധികൃതമായി 37.7 കോടി രൂപ പിൻവലിച്ച കേസിലാണ് കോടതി ഇവരെ ശിക്ഷിച്ചത്. 17 വർഷം മുമ്പ് നടന്ന കേസിൽ ഒക്ടോബർ മൂന്നാം തീയതി വിധി വന്നതോടെ ഈ നേതാക്കന്മാരുടെ രാഷ്ട്രീയ ഭാവി അനിശ്ചിതത്വത്തിലായി. ഇനി ലാലുപ്രസാദിന് 11 വർഷം തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയില്ല. ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെടുന്ന ജനപ്രതിനിധികളെ അയോഗ്യരാക്കുന്ന സുപ്രീം കോടതി വിധിയെ മറികടക്കാൻ സർക്കാർ കൊണ്ടുവന്ന ഓർഡിനൻസ് ശക്തമായ പ്രതിഷേധത്തെ തുടർന്ന് പിൻവലിച്ചതിനാലാണ് ഇവർ അയോഗ്യരായിമാറിയത്. കാലിത്തീറ്റക്കേസിൽ രണ്ട് മുൻമുഖ്യമന്ത്രിമാർ കൂടെ ജയിലിലായതോടെ രാജ്യത്ത് അഴിമതിക്കേസിൽ ശിക്ഷിക്കപ്പെട്ടു കഴിയുന്ന മുൻ മുഖ്യമന്ത്രിമാർ മൂന്നായി. നേരത്തെതന്നെ ഹരിയാന മുൻമുഖ്യമന്ത്രി ഓംപ്രകാശ് ചൗട്ടാലയും മകൻ അജയ് ചൗട്ടാലയും പത്തുവർഷം ശിക്ഷിക്കപ്പെട്ട് തീഹാർ ജയിലിൽ കഴിയുകയാണ്.

എം.പിമാരുടേയും എം.എൽ.എ.മാരുടേയും നിലവാരം കുറഞ്ഞുവരുന്നതാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശാപം. പലയിടത്തും ക്രിമിനലുകൾ ജനപ്രതിനിധികൾ ആകുന്നുമുണ്ട്. അത്തരം ആളുകളിലേക്ക് അധികാരം കൂടെ എത്തുമ്പോൾ അഴിമതിക്കും അക്രമത്തിനും ആ വിലാസം മതിയായ തുണയാകുന്നു. ഈക്കൂട്ടരിലേക്ക് അധികാരം ഏൽപ്പിച്ചുകൊടുക്കാൻമാത്രം ചിലപ്പോഴെങ്കിലും നമ്മുടെ ജനാധിപത്യത്തിന്റെ തല കുനിയേണ്ടിവരുന്നത് ഈ രാജ്യത്തിന്റെ മഹാദുരന്തം തന്നെയാണ്. കഴിഞ്ഞ മാസത്തിലെ മറ്റൊരു പ്രധാന വിധിയായിരുന്നു വോട്ടർമാർക്ക് നിഷേധവോട്ടവകാശം നൽകണമെന്ന സുപ്രീംകോടതിയുടെ വിധി. ഈ നിർദ്ദേശം കളങ്കിത രാഷ്ട്രീയക്കാർക്കെതിരെയുള്ള ശക്തമായ ഒരായുധം തന്നെയാണ്. വരുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ കന്നിവോട്ടർമാരുടെ എണ്ണം ഏറെയാണ്. അഴിമതിക്കാരായ രാഷ്ട്രീയക്കാരെ പാഠം പഠിപ്പിക്കാനുള്ള കോടതിവിധിയിൽ ഏറ്റവും അധികം പ്രതീക്ഷ പുലർത്തുന്നതും ഇവർതന്നെയാവും.

ദൈവസഭയ്ക്കുള്ളിലും അഴിമതിയുടെ വേരുകൾ ദൃഢപ്പെട്ടുവോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. നിഷേധ വോട്ടവകാശം ഞങ്ങൾക്കും ലഭിച്ചിരിന്നുവെങ്കിൽ എന്ന് ആശിക്കുന്നവർ സഭയ്ക്കുള്ളിൽ അനവധിയാണ്. വോട്ട് നേടുവാൻ വേണ്ടി ഏതു അനീധിക്കും അക്രമത്തിനും നേതൃത്വം നൽകുന്നവർ ദൈവ സഭയ്ക്ക് ഒരപമാനം ആണ്. ചില പ്രവാചകന്മാരുടെ വിലപേശലുകൾ അതിരുകടക്കുമ്പോൾ അവർ അഴിമതിയുടെ വക്താക്കളായി മാറ്റപ്പെടുന്നു. അഴിമതിയുടെ വേരുകൾ സഭയ്ക്കുള്ളിൽ നിന്നും പിഴുതെറിയേണ്ടത് ഓരോ വിശ്വാസിയുടേയും കടമയാണ്. അങ്ങനെയുള്ളവർക്ക് മാത്രമേ നീതിയുടെ ന്യായാധിപനും രാജാധിരാജാവുമായവൻ നമുക്കൊരുക്കുന്ന അഴിമതിയും അനീതിയും ഇല്ലാത്ത രാജ്യത്ത് പ്രവേശനം ലഭിക്കുകയുള്ളു.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## ഗുഡ്ന്യൂസ് ഫെസ്റ്റിവൽ

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ന്നതായിരിക്കും.

രക്ഷാധികാരികളായ ബ്രദർ എം. ജോണികുട്ടി, പാസ്റ്റർ ജോർജ് കെ. തോമസ്, ചീഫ് കോർഡിനേറ്റർ പാസ്റ്റർ ടി. എം. ജോസഫ് എന്നിവരുടെ നേതൃത്വത്തിലുള്ള കോർഡിനേറ്റേഴ്സും കൺവൻഷൻ കമ്മറ്റിയും കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രവർത്തിക്കുന്നു.

## ദിദിന സെമിനാർ

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ബിജു ബഞ്ചമിൻ, വൈസ് പ്രിൻസിപ്പൽ പാസ്റ്റർ ഷാജി എസ്സ്, മുൻ പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ്ജ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഭാരതീയ ഗുരുശിഷ്യ ബന്ധത്തെ ആധാരമാക്കി ശിഷ്യത്വത്തിന്റെ അടിസ്ഥാന തത്വങ്ങൾ പാസ്റ്റർ എം സാമുവൽകുട്ടി പ്രസ്താവിച്ചു. യേശുവിന്റെ ശിഷ്യൻ ആകുവാൻ ആഗ്രഹിക്കുന്നവൻ തന്നെത്താൻ പരിത്യജിച്ച് തന്റെ ക്രൂശെടുത്ത് യേശുവിനെ അനുഗമിക്കണം. ക്രിസ്തീയ ജീവിതയാത്രയിൽ ക്രൂശിന് വളരെ പ്രാധാന്യം ഉണ്ട്. അത് നിന്ദയുടെ മാർഗ്ഗമാണെങ്കിലും മഹത്വത്തിലേക്കുള്ള ചവിട്ട് പടിയാണ്. യേശു തന്റെ ശിഷ്യന്മാരെ ഒരു വലിയ ദൗത്യത്തിനായി തിരഞ്ഞെടുത്തു. തന്നോടുകൂടെ ഇരിക്കുവാനും തന്റെ വചനം പ്രസംഗിക്കുവാനും ദൈവീക അധികാരം ഉപയോഗിക്കുവാനുമാണ് യേശു അവരെ തിരഞ്ഞെടുത്തത്. നമ്മളും ക്രിസ്തുവിന്റെ ശിഷ്യരാകുവാൻവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നുവെന്നും ഈ ദൗത്യങ്ങൾ നിർവ്വഹിക്കുവാൻ നാം കടപ്പെട്ടവരാണെന്നും വിവിധ ക്ലാസ്സുകളിലായി പാസ്റ്റർ എം സാമുവൽകുട്ടി വ്യക്തമാക്കി. ക്രിസ്തുശിഷ്യനാകുന്നതിന്റെ വെല്ലുവിളികൾ പാസ്റ്റർ ബിജു ബഞ്ചമിൻ അവതരിപ്പിച്ചു. യേശുവിന്റെ ശിഷ്യൻ സമൂഹത്തിൽ ഒറ്റപ്പെടുവാൻ തയ്യാറാകണമെന്നും വിപ്ലവകരമായ ക്രിസ്തീയ അനുഭവത്തിലേക്ക് കടക്കുവാനും കഴിയണമെന്ന ആഹ്വാനം താൻ നൽകി. ശിഷ്യത്വത്തിന്റെ വ്യവസ്ഥകളെക്കുറിച്ച് പാസ്റ്റർ ഷാജി എസ് പ്രസ്താവിച്ചു. ശിഷ്യത്വവും കാര്യവിചാരകത്വും പാസ്റ്റർ എബി ജോർജ്ജ് വിവരിച്ചു.

## മാസയോഗം നടന്നു

***അടൂർ:*** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച്, കേരളാ റീജൺ മാസയോഗം 2013 സെപ്റ്റംബർ 21 ശനിയാഴ്ച പഴകുളം സഭയിൽ വച്ച് നടന്നു. പാസ്റ്റർ എബി ജോർജ്ജ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സുമേഷ് പി ലാസർ സങ്കീർത്തന പ്രബോധനം നടത്തി. ദൈവീക വെളിപ്പാടുകൾ മനുഷനെ ദൈവത്തിങ്കലേക്ക് നയിക്കുന്നതാകണമെന്ന് 19-ാം സങ്കീർത്തനം ആധാരമാക്കി പാസ്റ്റർ സുമേഷ് പ്രസ്താവിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജൺ സെക്രട്ടറി പാസ്റ്റർ വി.എം ഏബ്രഹാം മുഖ്യ വചന ശുശ്രൂഷ നിർവ്വഹിച്ചു. കണ്ണുനീരിന്റെ സാഹചര്യങ്ങളിൽ കൂടി കടന്നുപോകുന്ന മനുഷ്യനെ രക്ഷിക്കുവാൻ ദൈവം സദാ കർമ്മനിരതനാണെന്ന് പാസ്റ്റർ ഏബ്രഹാം തന്റെ സന്ദേശത്തിൽ പറഞ്ഞു. കേരളാ റീജൺ കോ-ഓർഡിനേറ്റർ പാസ്റ്റർ ബിജു ബഞ്ചമിൻ കർത്തൃമേശാ ശുശ്രൂഷ നിർവ്വഹിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജണിലെ എല്ലാ ശുശ്രൂഷകരും ദൈവജനവും മാസയോഗത്തിൽ പങ്കെടുത്തു

**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : ***വിശ്വാസി*** ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# ഓട്ടം തികയ്ക്കുന്ന വിശ്വാസി



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

ക്രിസ്തീയ ജീവിതത്തിന്റെ പ്രാധാന്യതയെകുറിച്ച് പൗലൊസ് തന്റെ ലേഖനങ്ങളിൽപലപ്പോഴായി വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും ശ്രദ്ധയോടും കരുതലോടും ഉത്തരവാദത്തോടും കൂടെ നയിക്കേണ്ടതാണ് എന്ന വസ്തുത പ്രാധാന്യം ഒട്ടും കുറയാതെ പൗലൊസ് വിവിരിച്ചിട്ടുണ്ട്. അലസതയോടെയോ നിരുത്തരവാദിത്തപരമായോ ആർക്കും വിശ്വാസജീവിതം നയിക്കാൻ സാധ്യമല്ല.

വിരുതു പ്രാപിക്കാനായി വിശ്വാസത്തോടെ മുമ്പോട്ട് ഓടുന്ന ഒരു ഓട്ടക്കാരനോട് വിശ്വാസിയെ ദൈവവചനത്തിൽ ഉപമിച്ചിട്ടുണ്ട്. ലക്ഷ്യം തെറ്റാതെ ശരിയായ പാതയിലൂടെ മുമ്പോട്ട് ഓടുന്ന ഒരു വിശ്വാസിക്കുമാത്രമേ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുവാൻ കഴിയുകയുള്ളു. ക്രിസ്തീയ വിശ്വസി എന്ന ഓട്ടക്കാരൻ ശ്രദ്ധിക്കേണ്ട പരമപ്രധാനമായ ചില വസ്തുതകൾ ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നു.

**1. പിമ്പിലുള്ളതിനെ മറക്കുക.**

ഒന്നു ഞാൻ ചെയ്യുന്നു പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു എന്ന പൗലൊസിന്റെ വാക്കുകൾ സകല വിശ്വാസികളും ശ്രദ്ധിക്കേണ്ടതാണ്. കഴിഞ്ഞ കാല പരാജയങ്ങളെയും താഴ്ചകളേയും മറക്കണം. പുറകോട്ട് വലിക്കുവാനും തളർത്തിക്കളയുവാനും സാധ്യതയുള്ള വസ്തുതകളെ മറന്നുകൊണ്ട് ലക്ഷ്യത്തിലേക്ക് നോക്കി ഓടണം. സകല വിധ ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് ഓടുവാൻ എബ്രായലേഖന കർത്താവ് ഓർമ്മിപ്പിക്കുന്നു.

പിമ്പിലുള്ളതിനെ മറക്കാതെ ഓടിയാൽ ഓട്ടം ശുഭമാകുകയില്ല. ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവീൻ എന്ന് ദൈവവചനം ആഹ്വാനം ചെയ്യുമ്പോൾ ഈ വസ്തുത ബോധ്യപ്പെടുത്തുകയാണ്. എഫെസോസിലെ മൂപ്പന്മാരെ വരുത്തി പൗലൊസ് ഹൃദയം തുറന്ന് അവരോട് സംസാരിക്കുമ്പോൾ തന്റെ ജീവിതത്തിലെ രണ്ട് അഭിലാഷങ്ങൾ താൻ വ്യക്തമാക്കുന്നു. എന്റെ പ്രാണനെ പോലും ഞാൻ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടം, യേശു തന്ന ശുശ്രൂഷ ഇത് രണ്ടും തികയ്ക്കണം. ഇതു മാത്രമായിരുന്നു പൗലൊസിന്റെ ആഗ്രഹം.

**2. പ്രാപിക്കാനായി ഓടുക**

എല്ലാവരും ഓടുന്നു അതുകൊണ്ട് ഞാനും ഓടുന്നു എന്നോ ഓടാതെ മറ്റ് മാർഗ്ഗമില്ല എന്നതിനാൽ ഓടുന്നു എന്നോ ചിന്തിക്കുന്ന ഓട്ടക്കാരൻ പരാജയപ്പെടും. നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ (1. കൊരിന്ത്യർ 9:24) എന്ന് കൊരിന്ത്യരോട് പൗലൊസ് ഓർമ്മിപ്പിക്കുന്നു. വിഭാഗീയ ചിന്തകളും വ്യർത്ഥകാര്യങ്ങളിലും ഇടപെട്ട് വലഞ്ഞുപോകാതെ വിരുതു പ്രാപിപ്പാന്തക്കവണ്ണം ഓടുവാനാണ് അപ്പൊസ്തലൻ അവരെ ഓർമ്മിപ്പിക്കുന്നത്.

> അലസതയോടെയോ നിരുത്തരവാദിത്തപരമായോ ആർക്കും വിശ്വാസജീവിതം നയിക്കാൻ സാധ്യമല്ല. ചാഞ്ഞ മതിലും ആടുന്ന വേലിയും പോലെ നയിക്കേണ്ട ഒന്നല്ല വിശ്വാസജീവിതം. പുറകോട്ട് വലിക്കുവാനും തളർത്തിക്കളയുവാനും സാധ്യതയുള്ള വസ്തുതകളെ മറന്നുകൊണ്ട് ലക്ഷ്യത്തിലേക്ക് ഓടണം.

**3. സ്ഥിരതയോടെ ഓടുക**

ചാഞ്ഞ മതിലും ആടുന്ന വേലിയും പോലെ നയിക്കേണ്ട ഒന്നല്ല വിശ്വാസജീവിതം. ഈ ഓട്ടം സ്ഥിരതയോടെ ഓടണം. ആഴ്ചയിലെ ചില ദിവസങ്ങളിലേക്ക് മാത്രമുള്ളതല്ല നിരന്തരം ഓടേണ്ട ഓട്ടമാണിത്. സാക്ഷികളുടെ ഒരു വലിയ സമൂഹത്തെ നിരത്തി നിർത്തിയിട്ട് പൗലൊസ് എബ്രായ ക്രിസ്ത്യാനികളെ ധൈര്യപ്പെടുത്തുകയാണ്. നമ്മെ തെറ്റിക്കുവാനും ലക്ഷ്യത്തിൽ നിന്ന് അകറ്റുവാനും സാത്താന്യശക്തികൾ ശ്രമിക്കുമ്പോൾ സാക്ഷികളുടെ സമൂഹത്തെ നോക്കി ധൈര്യം പ്രാപിച്ച് വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുക്രിസ്തുവിനെ നോക്കി ഓടണം.

ഓട്ടം തികച്ചു എന്ന് പൗലൊസിനെപ്പോലെ പറയുവാൻ നമുക്ക് കഴിയണം. വലഞ്ഞു പോകാതെ ഓട്ടം ഓടി വിരുതു പ്രാപിക്കുവാൻ സകല വിശ്വാസികൾക്കും ഇടയാകട്ടെ

വിശ്വാസ ഗീതങ്ങൾ
ഒരു ഉത്തമ ഗാനോപഹാരം
മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി 1000ൽപരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേംവാണി, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്
കോപ്പികൾക്ക്:-
Pastor M. Samuelkutty
Flat no 101, First Floor, 96/E, Ward No: 2,
Mehrauli, New Delhi-110 030

# കോരുന്ന ദാഹജലം കോരാത്ത ജീവജലം

(നാലാം പേജിൽ നിന്നും തുടർച്ച)

മുക്കാൽ ഭാഗത്തോളം ജലം തന്നെയാണെന്നു ശാസ്ത്രം വിവക്ഷിക്കുന്നു.

ലോകത്തിൽ എല്ലായിടത്തും വെള്ളം ഉണ്ടെങ്കിലും അതിന് ജീവനുണ്ടെന്ന് ആരും തെളിയിച്ചിട്ടില്ല. പക്ഷെ, യഹൂദന്മാർ ഒഴുകുന്ന ജലത്തെ ആലങ്കാരികമായി ജീവനുള്ള ജലം എന്നു പറയാറുണ്ട്. ജീവനുള്ള ജലത്തെപ്പറ്റി കർത്താവ് പറയുമ്പോൾ അത് ഒഴുക്കു വെള്ളത്തെപ്പറ്റി ആയിരിക്കാം എന്ന് ശമര്യക്കാരി തെറ്റിദ്ധരിക്കാനും സാധ്യതയുണ്ട്. പക്ഷേ കർത്താവിന്റെ ആശയങ്ങളും പഠിപ്പിക്കലുകളും ഉപമകളും എത്രമാത്രം കുറിക്ക് കൊള്ളുന്നവയാണെന്ന് ഞാൻ പലപ്പോഴും ചിന്തിച്ചുപോകുന്നു. ഭൂമിയിൽ ലഭിക്കുന്ന എന്തു വെള്ളവും തത്കാലത്തേക്ക് ദാഹം ശമിപ്പിക്കുകയും പിന്നീട് ദാഹം വർദ്ധിക്കുമ്പോൾ വീണ്ടും വീണ്ടും ആർത്തിയോടെ കുടിക്കുവാൻ പ്രേരണ നൽകുന്നതുമാണ്. ചൂടുകാലങ്ങളിൽ വടക്കേ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽക്കൂടെ യാത്ര ചെയ്യുമ്പോൾ ദാഹമകറ്റാൻ തെരുവീഥികളുടെ ഇരുവശങ്ങളിലും പലതരത്തിലും നിറത്തിലും മണത്തിലും ഗുണത്തിലുമൊക്കെയുള്ള ദാഹജലത്തെ കാണാറുണ്ട്. ലോകപ്രശസ്തമായ പല ബ്രാൻഡുകളും തനി നാടൻ ബ്രാൻഡുകളുടെയും വിപുലമായ ശേഖരം ഇവയുടെ കൂട്ടത്തിലുണ്ട്. പക്ഷേ, ഇവയിലൊന്നും ഒരിക്കൽ കുടിയ്ക്കുകയും പിന്നീടൊരിയ്ക്കലും ദാഹിക്കാതിരിയ്ക്കുകയും ചെയ്യുന്ന ഒരു ഉത്തേജക പാനീയവും ഞാൻ കണ്ടില്ല. പക്ഷേ ഒരു കാര്യം യാഥാർത്ഥ്യമായി നിലകൊള്ളുന്നു. അവയിൽ ഏതു വാങ്ങി കുടിച്ചാലും ദാഹം വീണ്ടും വീണ്ടും ഇരട്ടിയ്ക്കുകയേയുള്ളു...

കുടിയ്ക്കുംതോറും ദാഹം വർദ്ധിക്കുന്ന ലോകത്തിൽ ജീവന്റെ ജലത്തെ കർത്താവായ യേശു ശമര്യാക്കാരിയെ പരിചയപ്പെടുത്തുകയാണ്. ആലങ്കാരികമായി പറഞ്ഞാൽ കർത്താവായ യേശു ലോകത്തിൽ പുതിയതായി ഇറങ്ങിയ ഒരു ബ്രാൻഡിന്റെ അംബാസിഡറും ശമര്യാക്കാരി അതിന്റെ ആദ്യത്തെ കസ്റ്റമറുമാണ്. അതുകൊണ്ടുതന്നെ ഒരു പുതിയ കസ്റ്റമർ ഒരുല്പന്നത്തെപ്പറ്റി എങ്ങനെ സംശയം ചോദിക്കുന്നുവോ അതുപോലെ ശമര്യാക്കാരിയും യേശുവിനോട് തന്റെ സംശയം ചോദിക്കുകയാണ്.

യജമാനനേ, നിനക്ക് കോരുവാൻ പാത്രം ഇല്ലയോ? കിണറ് ആഴമുള്ളതാകുന്നു. പിന്നെ ജീവനുള്ള വെള്ളം നിനക്ക് എവിടെ നിന്ന്? ദീർഘദൂരസഞ്ചാരികളായ യഹൂദന്മാർ കയ്യിലൊരു തുകൽ പാത്രം കരുതുകയും അതിൽ നീളമുള്ള ഒരു ചരട് കെട്ടി അരയിൽ സൂക്ഷിക്കുമായിരുന്നു.നടന്ന് ക്ഷീണിക്കുമ്പോൾ ദാഹമകറ്റാൻ കിണറുകളിൽ നിന്ന് ഈ പാത്രത്തിൽ വെള്ളം ശേഖരിച്ച് കുടിച്ച് തൃപ്തരായി യാത്ര തുടരും. അങ്ങനെ ഒരു പാത്രം കർത്താവിന്റെ കൈയ്യിൽ ശമര്യാക്കാരി കണ്ടില്ല. ജീവജലത്തിന്റെ വക്താവിന്റെ കയ്യിൽ കോരുവാൻ പാത്രം പോലും ഇല്ലല്ലോ എന്ന വസ്തുത അവളിൽ അത്ഭുതവും ആകാംക്ഷയുമൊക്കെയായി പ്രതിഫലിക്കുകയുണ്ടായി. ദാഹജലം കോരാൻ വന്നവളുടെ കയ്യിൽ പാത്രം, പക്ഷേ പാത്രമില്ലാതെങ്ങനെ ജീവജലം? കോരുന്ന ദാഹജലത്തിൽ നിന്നും കോരാത്ത ജീവജലത്തിലേക്കുള്ള ചുവടുമാറ്റം അവളിലുണ്ടാക്കിയത് വലിയ സംശയങ്ങൾ തന്നെയായിരുന്നു. അതുകൊണ്ട് തന്നെ അവൾ കർത്താവിനോടു ചോദിക്കുകയാണ്. നമ്മുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ?

കോരാത്ത ജീവജലത്തെപ്പറ്റി കേട്ട സ്ത്രീയിൽ വന്ന കാതലായ മാറ്റം ആ ചോദ്യത്തിൽ പ്രകടമാണ്. നമ്മുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ? നീ യഹൂദനും ഞാൻ ശമര്യാക്കാരിയും എന്നു പറഞ്ഞു തുടങ്ങിയവൾ നമ്മൾ എന്ന സത്യം തിരിച്ചറിഞ്ഞത് എത്ര വേഗത്തിലായിരുന്നു. അതിനു കാരണമായതോ പാത്രമില്ലതെ വന്ന ഒരു യഹൂദൻ പറഞ്ഞ ജീവജലവും. ജീവജലം ഒഴുകിത്തുടങ്ങുമ്പോൾ, നാമത് പാനം ചെയ്തു തുടങ്ങുമ്പോൾ, ഞങ്ങൾ, നിങ്ങൾ എന്ന വാക്കുകൾ നമ്മളായിത്തീരുന്നത് എത്ര ശ്രേഷ്ഠമായാണ് ദൈവവചനം പറയുന്നത്. അവൾ ആ സത്യം തിരിച്ചറിഞ്ഞു. ഞങ്ങൾ ശമര്യരും നിങ്ങൾ യഹൂദരും ഇപ്പോൾ യാക്കോബിന്റെ മക്കളായ നമ്മളാണ്. പ്രിയമുള്ളവരേ, പേരുകൊണ്ടും ജാതി കൊണ്ടും നിറം കൊണ്ടും സഭകളിൽ ഗ്രൂപ്പുണ്ടാക്കുന്നവർ അറിഞ്ഞിരിക്കട്ടെ കുറേ കൂടെ പിറകിലേക്ക് പോയാൽ അവിടെ ഞങ്ങളോ, നിങ്ങളോ ഉണ്ടായിരുന്നില്ല മറിച്ച് അവിടെ നമ്മളായിരുന്നുവെന്ന്. ശമര്യാക്കാരിയിൽ ഉണ്ടായ തിരിച്ചറിവ് ആഗോളസഭയിൽ ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം. പുറകോട്ട് തിരിച്ചു പോകുംതോറും ഓരോരുത്തരും നമ്മളായി മാറുകയാണ്. ഇംഗ്ലീഷ് അക്ഷരമാലയിൽ ചുരുക്കിയെഴുതിയ സഭകളുടെ പേരുകൾ അവിടെയില്ല, മറിച്ച് ഏറ്റവും പുറകിൽ രണ്ടുപേർ, ആദാമും ഹവ്വയും, കൂടാതെ മൂന്നാമതൊരാൾ, ദൈവം. അവിടെ നിന്നും ഇവിടേയ്ക്കെത്തിയാൽ ഞങ്ങളും നിങ്ങളും? നമുക്കേതു വേണം? ചിന്തിക്കുക.

തുടരും

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

# കോരുന്ന ദാഹജലം കോരാത്ത ജീവജലം



**പാസ്റ്റർ പ്രിൻസ് പുന്നുച്ചിറകുളത്തിൽ**
**ഗാസിയാബാദ്**

*അതിന് യേശു: നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞിരുന്നു എങ്കിൽ നീ അവനോട് ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു.*

എന്ത് മനോഹരി ആണ് നമ്മുടെ ഭൂമി, അതിന്റെ സൗന്ദര്യത്തെ വാഴ്ത്തിപ്പുകഴ്ത്താൻ സകല ഭാഷകളിലും കവിവരന്മാർ ഉപയോഗിച്ച വാക്കുകളാണെങ്കിലോ എണ്ണിയാലൊടുങ്ങാത്തതും. നമ്മൾ മലയാളികൾ സസ്യശ്യാമള കോമള ഭൂമി എന്നൊക്കെ പറയുന്നു. ആ ഒരു പദപ്രയോഗമറിയാത്ത മലയാളികളാണെങ്കിൽ വളരെ വിരളവും. ഈ അണ്ഡകടാഹത്തിൽ മനുഷ്യ വിജ്ഞാനം ഏതു ഗ്രഹം വരെ നിലവിൽ എത്തിനിൽക്കുന്നുവോ അവിടം വരെ നമ്മുടെ ഭൂമിയെ അവയിൽ നിന്നും വ്യത്യസ്ഥമാക്കി നിലനിർത്തുന്നത് പ്രധാനമായും രണ്ടു കാര്യങ്ങളുടെ ലഭ്യതയാണ്. അതിൽ ഒന്നാമത്തേത് സകല ജീവന്റെയും നിലനിൽപ്പിന് ആവശ്യമായ വായൂമണ്ഡലവും രണ്ടാമത്തേത് സമൃദ്ധമായ ജല ലഭ്യതയുമാണ്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏതാണെന്ന് ചോദിച്ചാൽ എനിയ്ക്കറിയില്ല! കാരണം എന്റെ അഭിപ്രായത്തിൽ രണ്ടും പ്രധാനപ്പെട്ടതാണ്. ഒന്ന് അദൃശ്യമാണെങ്കിൽ മറ്റേത് ദൃശ്യമാണ്. ഭൂമിയെന്ന ഗോളം പോലെ മറ്റൊന്നുണ്ടോ എന്ന് ശാസ്ത്രകുതുകികൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. മനുഷ്യവിന്യാസം അസാദ്ധ്യമായ സ്ഥാനത്ത് യന്ത്രമനുഷ്യ വിന്യാസം നടത്തി ലോകം ഇവ രണ്ടിനെയും തിരഞ്ഞുകൊണ്ടിരിയ്ക്കുന്നു. ഭൂമിയെന്ന മനോഹര ഗ്രഹം മടുത്തു തുടങ്ങിയ ആഡംബര പ്രിയനും, സുഖലോലുപനും അഹങ്കാരിയുമായ മനുഷ്യൻ തന്റെ വന്യമായ സ്വപ്നങ്ങളെ ഇതര ഗ്രഹങ്ങളിലേക്ക് പറിച്ചു നടുവാൻ ആഗ്രഹിക്കുന്നു. പക്ഷേ ഇന്നും വായുവും വെള്ളവും അവനു വഴിമുടക്കികളായി നിലകൊള്ളുന്നു.

അദൃശ്യമായ വായുവിന്റെ സാന്നിധ്യം ദൈവം ഭൂമിയിൽ എല്ലായിടത്തും ഒരുപോലെ നൽകിയതിനാൽ നമുക്കതിന്റെ പ്രാധാന്യം വേണ്ടപോലെ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് തെല്ലു സംശയം എനിയ്ക്കുണ്ട്. ഗ്രാമങ്ങളിലും പട്ടണങ്ങളിലും മരുഭൂമിയിലും വനാന്തരങ്ങളിലും താഴ്വരകളിലും മലകളിലും സമുദ്രത്തിലും എന്നു വേണ്ട എല്ലായിടവും വായുവിന്റെ സാന്നിധ്യമുണ്ട്. എന്നാൽ വെള്ളം ശേഖരിക്കപ്പെടേണ്ട ഒന്നാണ്. അത് എല്ലായിടത്തും സാന്നിധ്യമറിയിക്കുന്ന ഒന്നാണെങ്കിലും ഉപയോഗിക്കേണ്ടതിന് നാം വ്യത്യസ്ഥമായ മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്. ഭക്ഷണമില്ലാതെ ദീർഘനാളുകൾ ജീവിച്ച വ്യക്തികളെപ്പറ്റി നാം ധാരാളം കേട്ടിട്ടുണ്ടാകുമല്ലോ? എന്നാൽ വെള്ളമില്ലാതെ ജീവിയ്ക്കുക എന്ന് ഏതൊരു വ്യക്തിയെപ്പറ്റിയും ചിന്തിയ്ക്കുന്നത് നമ്മുടെ പരിധിയ്ക്കപ്പുറമാണ്. വെള്ളത്തെ വിഭജിക്കുവാനും അതിലടങ്ങിയിരിയ്ക്കുന്ന മൂലകങ്ങളെ തിരിച്ചറിയുവാനും മനുഷ്യന് സാധിച്ചിരിക്കുന്നു, എങ്കിലും വെള്ളത്തെ വ്യവസായിക അടിസ്ഥാനത്തിൽ കൃത്രിമമായി നിർമ്മിക്കുവാൻ ഇന്നും സാധിച്ചിട്ടില്ല. രണ്ടു ഹൈഡ്രജൻ തൻമാത്രകളും ഒരു ഓക്സിജൻ തന്മാത്രയും ചേരുന്നതാണ് ജലം എന്നും നാം പഠിച്ചിട്ടുമുണ്ട്. മനുഷ്യൻ അതിനെ വികടിപ്പിക്കുന്നു; പക്ഷേ അതിനെ വീണ്ടും ഒന്നാക്കുവാൻ സാധിക്കുന്നില്ല. ആ ജലത്തിൽ നിന്നും കർത്താവ് ശമര്യക്കാരിയോട് ആത്മീയ കാര്യങ്ങളുടെ സംഭാഷണം ആരംഭിക്കുകയാണ്.

ഭൂമിയിലെ ഭൗതിക ജീവിതത്തിന്റെ നിലനിൽപ്പിന് വെള്ളം ഒരത്യാവശ്യ ഘടകമാണെങ്കിൽ, ആത്മീയ ജീവിതത്തിൽ മറ്റൊരു വെള്ളത്തിന് പ്രാധാന്യമുണ്ടെന്നും അതിനെ ജീവജലം എന്നു പേർ വിളിക്കാമെന്നും കർത്താവായ യേശു ശമര്യാക്കാരിയായ സ്ത്രീയോടു സംസാരിക്കുകയാണ്. വിശപ്പ് ഒരു പരിധിവരെ ഏതോരുവനും സഹിയ്ക്കാൻ പറ്റും. പക്ഷേ ദാഹം സഹിയ്ക്കാൻ പറ്റാത്തതിന്റെയും അപ്പുറത്താണ്, കാരണം ശരീരത്തിലെ ജലാംശത്തിന്റെ അളവ് കുറഞ്ഞാൽ ഏതൊരു ജീവിയുടെയും ജീവനുതന്നെ അതു ഭീഷണിയാകാറുണ്ട്. നമ്മുടെ ശരീരത്തിന്റെ

(ശേഷം മൂന്നാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമി (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009**
**E-mail: icm4india@yahoo.com**
**Website: www.indianchristianmission.com**

## വേദവിചാരം

# മനുഷ്യനിൽ നിന്ന് ദൈവത്തിലേക്ക്



**പാസ്റ്റർ ബിജു ബഞ്ചമിൻ**
**അടൂർ**

മനുഷ്യൻ ഭൂമിയിലുണ്ടായ നാൾ മുതൽ മനുഷ്യന്റെ സന്തതസഹചാരിയാണ് പ്രശ്നങ്ങൾ. ശാരീരികവും മാനസികവും ആത്മീയവുമായ പ്രശ്നങ്ങളുടെ തോഴരാണ് മനുഷ്യർ. മനുഷ്യരുടെ പ്രശ്നങ്ങൾക്ക് പ്രതിവിധിയുമായി ഒരുപാട് ആശയങ്ങളും പ്രത്യയശാസ്ത്രങ്ങളും ഉടലെടുത്തിട്ടുണ്ട്. അവയെല്ലാം അവകാശപ്പെട്ടത് പ്രശ്നങ്ങൾക്ക് പരിപൂർണ്ണ പരിഹാരം കൈവരിക്കുവാൻ ശ്രമിക്കാമെന്നാണ്. പക്ഷേ പരാജത്തിന്റെ സന്ദേശങ്ങൾ മാത്രമാണ് അവർ പകർന്ന് നൽകിയത്. ക്രിസ്തീയ മാർഗ്ഗം മനുഷ്യന്റെ വേദനകളെല്ലാം അപ്പാടെ മാറ്റിക്കളയാം എന്ന് അവകാശപ്പെടുന്നില്ല. നേരെമറിച്ച് മനുഷ്യജീവിതത്തിലെ കഷ്ടങ്ങൾക്ക് പുതിയ അർത്ഥവും മാനവും നൽകുന്നു. അത് ദൈവത്തിലുള്ള ആശ്രയവും ദൈവവചനത്തിലുള്ള ആശ്വാസവും നിമിത്തമാണ്. മനുഷ്യന്റെ ജീവിതത്തിന്റെ രചനയും സംവിധാനവും ദൈവമാണ് നിർവ്വഹിക്കുന്നത്. മനുഷ്യജീവിതം ദൈവ കേന്ദ്രീകൃതമാകുമ്പോഴാണ് അത് സാദ്ധ്യമാകുന്നത്.

ആധുനിക ലോകത്തിലെ പ്രവണത ഇതിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്. മനുഷ്യജീവിതത്തിന്റെ കേന്ദ്രബിന്ദുവായി മാറ്റപ്പെടേണ്ട ദൈവീക ചിന്ത എല്ലാ മേഖലകളിലും തിരസ്ക്കരിക്കപ്പെടുന്നു. മനുഷ്യന്റെ പ്രവർത്തികൾ മനുഷ്യകേന്ദ്രീകൃതമാകുന്നു. മറ്റു വാക്കിൽ പറഞ്ഞാൽ സ്വയ കേന്ദ്രീകൃതമാകുന്നു. ദൈവത്തിലുള്ള ഭക്തിയും ഭയവും അന്യമാകുന്നു. ദൈവീക പ്രകൃതം വികൃതമായി ചിത്രീകരിക്കപ്പെടുന്നു. അവന്റെ വിശുദ്ധി, നിയമങ്ങൾ എന്നിവ വില കൽപ്പിക്കപെടാതെ പോകുന്നു. മനുഷ്യനെ ദൈവത്തിൽ നിന്നകറ്റുന്ന പാപമെന്ന വിപത്തിനെ അംഗീകരിക്കുവാൻ മനുഷ്യർ തുനിയുന്നില്ല. പാപത്തിന്റ പരിണിതഫലങ്ങളോ ദൂരവ്യാപകമായ പ്രത്യാഘ്യാതങ്ങൾക്കോ മനുഷ്യൻ പരിഗണനകൊടുക്കുവാൻ മടിക്കുന്നു. മനുഷ്യന് സ്വന്തമായി എല്ലാം സാധിക്കുമെന്നും ദൈവത്തിന്റെ കരുണയുടെ ആവശ്യം തന്നെയില്ല എന്ന ചിന്താഗതിക്ക് പാലുകൊടുത്ത് പുലർത്തുന്ന സ്ഥിതി വിശേഷമാണ് ഇന്ന് ഉയർന്നു വരുന്നത്. ഇതിന്റെ ഫലമോ പ്രശ്നങ്ങളുടെ കൂമ്പാരത്തിന് മുകളിൽ നിന്നുകൊണ്ട് മനുഷ്യസമൂഹം വിനോദങ്ങളിലേർപ്പെടുന്നു. ഇന്ന് മനുഷ്യന്റെ ആവശ്യങ്ങൾക്കാണ് കൂടുതൽ മൂല്യം കൽപ്പിക്കപ്പെടുന്നത്. മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം ദൈവമാണെന്ന ചിന്താഗതിക്ക് താൽപ്പര്യം കുറഞ്ഞിരിക്കുന്നു.

ദൈവത്തെക്കുറിച്ചുള്ള ശരിയായ ചിന്തകൾ സ്വീകരിക്കുവാനുള്ള രൂപാന്തരം നമ്മുടെ മനസ്സ് പ്രാപിക്കണമെങ്കിൽ മനുഷ്യനെക്കുറിച്ചുള്ള തിരുവചന സത്യങ്ങൾ നാം സ്വായത്തമാക്കണം. ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്ന് തിരുവചനം പറയുന്നു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു എന്ന് ആവർത്തിച്ച് പറഞ്ഞിരിക്കുന്നു (ഉൽ 1:26–27). പാപത്തിൽ വീണ് ദൈവീക സാദൃശ്യം നഷ്ടപ്പെടുത്തിയ മനുഷ്യനെ കർത്താവായ യേശുക്രിസ്തു തന്റെ രക്ഷാകര പ്രവർത്തിയാൽ ഉദ്ധരിച്ചു. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയർപ്പിച്ചു ( എഫ 2:1). ഇന്ന് മനുഷ്യൻ മനശ്ശാസ്ത്രപരമായി വീക്ഷിക്കപ്പെടുന്നു. അത് ക്രൈസ്തവചിന്താഗതികളെയും അൽപ്പമല്ല സ്വാധീനിച്ചിരിക്കുന്നത്. മനശ്ശാസ്തപരമായ രീതി അവലംബിക്കപ്പെടുമ്പോൾ വൈകാരികമായ പ്രശ്നങ്ങൾക്കുള്ള വിടുതലിന് വേണ്ടി സങ്കീർണ്ണമായ പ്രകൃയകളിലൂടെ മനസ്സിനെ കടത്തി വിടുന്നു. വേദനകളുടെ ആഴങ്ങളിലൂടെ യാത്ര ചെയ്തനന്തരം മാത്രമേ ക്രിസ്തുവിലേക്ക് തിരിഞ്ഞ് സൗഖ്യം പ്രാപിച്ചു തുടങ്ങുവാൻ ഒരാൾക്ക് സാധിക്കുകയുള്ളൂ.

ശാസ്ത്രത്തിന്റെ യഥാർത്ഥ ലക്ഷ്യം ദൈവം ആരാണെന്ന് തിരിച്ചറിഞ്ഞ് ദൈവത്തിന് മഹത്വം കൊടുക്കുക എന്നുള്ളതാണ്. ശാസ്ത്രത്തിന്റെ കൂട്ട് പിടിച്ച് മനുഷ്യൻ മനശ്ശാസ്ത്രവത്കരിക്കപ്പെടുമ്പോൾ ദൈവവചനത്തിനനു യോജ്യമല്ലാത്ത ആവശ്യങ്ങളുടെ മുന്നിൽ പ്രതിഷ്ഠിക്കപ്പെടുകയാണ് ചെയ്യുന്നത്. ഞാൻ വിലയുള്ളവനാണ് വലിയവനാണ് എന്ന ചിന്താഗതി നമ്മിൽ രൂഢമൂലമാകുമ്പോൾ നമുക്ക് വിലയും മാന്യതയും നൽകിയത് ദൈവമാണെന്ന തിരിച്ചറിവ് നാം പ്രാപിക്കണം. അങ്ങനെ ദൈവമുമ്പകെ നാം ആത്മാവിൽ ദരിദ്രരാണെന്ന് തിരിച്ചറിയണം. ഈ ദൈവീക ബോധമാണ് നമുക്ക് ആത്മവിശ്വാസവും മൂല്യബോധവും പ്രദാനം ചെയ്യേണ്ടത്. മറ്റെന്തിനെക്കാളും നമ്മുടെ ബോധ–അവബോധ മനസ്സുകളെ നിയന്ത്രിക്കേണ്ടത് പരിശുദ്ധാത്മാവാണ്. ആത്മാവിനെ അനുസരിച്ച് നടപ്പിൻ എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കുകയില്ല ...(ഗലാ 5;16). മനശ്ശാസ്ത്രവത്കരിക്കപ്പെടുന്ന മനുഷ്യൻ സ്വയകേന്ദ്രീകൃതനാകുന്നു. തന്റെ ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടി മാത്രമാണ് മറ്റുള്ളവരെന്ന ചിന്ത ശക്തമാകുന്നു. നമ്മെ അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സാക്ഷികളാകുന്നതിനെക്കാൾ നാം നമ്മെത്തന്നെ എടുത്തുയർത്തുന്നവരായി തരം താഴുന്നു. ഈ അവസ്ഥയുടെ പ്രത്യാഘാതം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിലും അനുഭവപ്പെടുന്നു.

മനുഷ്യന്റെ പ്രവർത്തകളിലൂടെ മനുഷ്യനല്ല ദൈവമത്രേ മഹത്വപ്പെടേണ്ടത്. മനുഷ്യർ നമ്മുടെ നല്ല പ്രവർത്തികളെ കണ്ട് ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ എന്നാണ് ദൈവവചനം പറയുന്നത് (മത്താ.5:16, 1കൊരി 10:31). തിന്മയോട് തോൽക്കാതെ നന്മയാൽതിന്മയെ ജയിക്കുവാനും (റോമ 12:21), ആവശ്യപ്പെടുന്നവനോടൊപ്പം രണ്ടാം മൈൽ നടക്കുവാനും മറ്റുള്ളവരെ അനുഗ്രഹിക്കുവാനും ദൈവം നമ്മെ കണ്ടിരിക്കുന്നു. ദൈവത്തിന്റെ ഹിതത്തിന് പ്രാധാന്യം നൽകി അവനെ മഹത്വപ്പെടുത്തി നാം ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതം അർത്ഥവത്താകുന്നത്. മനുഷ്യനിൽനിന്നും ദൈവത്തിലേക്ക് നമുക്ക് മടങ്ങിപ്പോകാം.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*